പോലീസിനെതിരെയുള്ള പരാതി പരിഹരിക്കുവാൻ നടപടി

*12 [11] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ലൂഡി ലൂയിസ്:
" *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിനെതിരെയുള്ള പൊതുജനങ്ങളുടെ പരാതി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും അവരുടെ തെറ്റുകൾ തിരുത്തുവാനും സംവിധാനം ഉണ്ടാക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) പോലീസിനെതിരെയുള്ള പൊതുജനങ്ങളുടെയും മറ്റും പരാതിക്ക് പരിഹാരം കാണുവാനും നിയമനടപടികൾ സ്വീകരിക്കുവാനും പോലീസ് ആസ്ഥാനത്ത് പോലീസ് അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ ഒരു പബ്ലിക് ഗ്രീവൻസസ് സെൽ പ്രവർത്തിക്കുന്നു. അദ്ദേഹം പൊതുജനങ്ങളിൽ നിന്ന് നേരിട്ട് പരാതി സ്വീകരിക്കുകയും അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വളരെ ഗൗരവമേറിയതും പ്രാധാന്യമേറിയതുമായ കേസുകളിൽ പോലീസ് ഡയറക്ടർ ജനറൽ നേരിട്ട് പരാതി സ്വീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി പോലീസ് ആസ്ഥാനത്ത് ഒരു പബ്ലിക് വിൻഡോ സെൽ പ്രവർത്തിക്കുന്നു. കൂടാതെ ജില്ലാ പോലീസ് അധികാരികൾ സബ്ഡിവിഷണൽ ഓഫീസർമാർ, സർക്കിൾ ഓഫീസർമാർ എന്നിവരും പൊതുജനങ്ങളിൽ നിന്ന് നേരിട്ട് പരാതി സ്വീകരിക്കുകയും കുറ്റക്കാർക്കെതിരെ വകുപ്പ്തല നടപടികളും സ്വീകരിക്കുന്നു. ജില്ലാതലത്തിൽ ഇതിനായി പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി. വൈ. എസ്. പി. മാരെയും അതത് ജില്ലാ വിജിലൻസ് ഓഫീസർമാരായി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. ഇവർ അതാതു ജില്ലകളിലെ പോലീസ് ഉദ്യോഗസ്ഥരുടെ അഴിമതിയെക്കുറിച്ച് നിരീക്ഷണം നടത്തി കുറ്റക്കാർക്കെതിരെ മേലധികാരികൾക്ക് നടപടിക്കായി ശുപാർശ ചെയ്യുകയും ചെയ്യുന്നു.

(ബി) & (സി) പോലീസിനെതിരായുള്ള പൊതുജനങ്ങളുടെ പരാതി പരിഹരിക്കുവാൻ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം ഫലപ്രദമാണ്. അതിനാൽ ഈ ആവശ്യത്തിനായി മറ്റൊരു സംവിധാനം ഏർപ്പെടുത്തേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

GPM. 2/543/2012.—8

LIBRARY ARCHIVES Kerala Legislative Assembly